# ജില്ലാ ദുരന്തനിവാരണ അതോറിറ്റി, കോട്ടയം

(ഇ-മെയിൽ: dmdktm@gmail.com, ഫോൺ നം: 0481 2562201, 0481 2565400)


Break the Chain

**ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, കോട്ടയത്തിന്റെ നടപടിക്രമം**

**(ഹാജർ: എം. അഞ്ജന ഐ.എ.എസ്)**

**വിഷയം: കോവിഡ് 19- കോട്ടയം ജില്ല - രോഗനിയന്ത്രണ വ്യാപനം - ഇളവുകൾ അനുവദിച്ച് ഉത്തരവാകുന്നു.**

സൂചന: സ.ഉ. (ആർ.റ്റി) നം. 467/2021/ഡിഎംഡി തീയതി 15.06.2021

**ഉത്തരവ് നമ്പർ ഡി.എം.1 - 2717/2020 തീയതി: 16.06.2021**

സംസ്ഥാനത്ത് കോവിഡ് 19 രോഗവ്യാപനം തടയുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനുമായി 2021 ജൂൺ 16 വരെ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായിരുന്നു. നിലവിൽ കോവിഡ് വ്യാപനത്തിന്റെ തോത് കുറഞ്ഞതിനാലും ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയന്ത്രണ വിധേയമായതിനാലും ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് ഏർപ്പെടുത്തി സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ലാ കളക്ടറുമായ എം അഞ്ജന ഐ.എ.എസ്. എന്ന ഞാൻ ദുരന്ത നിവാരണ നിയമം 2005 വകുപ്പ് 26 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി നിയമം വകുപ്പ് 30, 34 പ്രകാരം ജില്ലയിൽ നിലവിലുള്ള ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 4 വിഭാഗങ്ങളായി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ഇളവുകൾ അനുവദിച്ചും ഇതിനാൽ ഉത്തരാവകുന്നു.

**കാറ്റഗറി എ (ശരാശരി ടി.പി.ആർ നിരക്ക് 8% ൽ താഴെയുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ)**

**മുനിസിപ്പാലിറ്റികൾ**

| | | | | | |
|---|---|---|---|---|---|
| 1 | കോട്ടയം | 2 | പാലാ | 3 | വൈക്കം |

**ഗ്രാമപഞ്ചായത്തുകൾ**

| | | | | | |
|---|---|---|---|---|---|
| 1 | ചിറക്കടവ് | 9 | പൂഞ്ഞാർ തെക്കേക്കര | 17 | കടപ്ലാമറ്റം |
| 2 | കോരുത്തോട് | 10 | തിരുവാർപ്പ് | 18 | ടി.വി.പുരം |
| 3 | മേലുകാവ് | 11 | നീണ്ടൂർ | 19 | തലയോലപ്പറമ്പ് |
| 4 | എരുമേലി | 12 | വെള്ളാവൂർ | 20 | ഞീഴൂർ |
| 5 | കടനാട് | 13 | കല്ലറ | 21 | മരങ്ങാട്ടുപള്ളി |
| 6 | കൊഴുവനാൽ | 14 | മീനച്ചിൽ | 22 | വെളിയന്നൂർ |
| 7 | ചെമ്പ് | 15 | ആർപ്പൂക്കര | 23 | കുറവിലങ്ങാട് |
| 8 | കാഞ്ഞിരപ്പള്ളി | 16 | മറവൻതുരുത്ത് | 24 | ഭരണങ്ങാനം |

**അനുവദനീയമായ ഇളവുകൾ**

1. പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന എല്ലാ പബ്ലിക് ഓഫീസുകൾക്കും 25% സ്റ്റാഫിനെ റൊട്ടേഷൻ വ്യവസ്ഥയിൽ ഏർപ്പെടുത്തി പ്രവർത്തിക്കാവുന്നതാണ്. ബാക്കി ജീവനക്കാർ വർക്ക് ഫ്രം ഹോം ഡ്യൂട്ടിയിലായിരിക്കുന്നതാണ്.
2. അക്ഷയ സെൻററുകൾ ഉൾപ്പെടെയുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളും രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ 50% ജീവനക്കാരെ നിയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

3. ടാക്സി, ഓട്ടോറിക്ഷ സർവ്വീസുകൾ അനുവദനീയമാണ്. ടാക്സി വാഹനങ്ങളിൽ ഡ്രൈവറും മൂന്ന് യാത്രക്കാർക്കും ഓട്ടോറിക്ഷകളിൽ ഡ്രൈവറും രണ്ട് യാത്രക്കാർക്കും സഞ്ചരിക്കാവുന്നതാണ്. കുടുംബമായി യാത്ര ചെയ്യുന്നവർക്ക് ഈ നിയന്ത്രണം ബാധകമല്ല.

4. ബാറുകൾ, ബിവറേജ് ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിൽ പാഴ്സൽ സർവ്വീസ് മാത്രം അനുവദനീയമാണ്. ആൾക്കൂട്ടം നിയന്ത്രിക്കുന്നതിനായി മൊബൈൽ ആപ്പ് മുഖേന സമയക്രമീകരണം നടത്തേണ്ടതാണ്.

5. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് physical contact ഇല്ലാത്ത ഔട്ട് ഡോർ സ്പോർട്സ് / ഗെയിമുകൾ അനുവദനീയമാണ്. സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള പ്രഭാത - സായാഹ്ന സവാരികളും അനുവദനീയമാണ്.

6. ഹോട്ടലുകൾക്കും റസ്റ്റോറൻറുകൾക്കും പാഴ്സൽ സർവ്വീസിനും ഓൺലൈന് / ഹോം ഡെലിവറിക്കുമായി മാത്രം രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കാവുന്നതാണ്. രാത്രി 9.30 വരെ ഹോം ഡെലിവറി അനുവദനീയമാണ്.

7. വീട്ടുജോലികൾ ചെയ്യുന്നവർക്ക് യാത്ര അനുവദനീയമാണ്.

**കാറ്റഗറി ബി** (ശരാശരി ടി.പി.ആർ നിരക്ക് 8% -20% മധ്യേയുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ)

**മുനിസിപ്പാലിറ്റികൾ**

| | | | | | |
|---|---|---|---|---|---|
| 1 | ചങ്ങനാശ്ശേരി | 2 | ഏറ്റുമാനൂർ | 3 | ഈരാറ്റുപേട്ട |

**ഗ്രാമപഞ്ചായത്തുകൾ**

| | | | | | |
|---|---|---|---|---|---|
| 1 | കുമരകം | 15 | മണർകാട് | 29 | മൂന്നിലവ് |
| 2 | കടുത്തുരുത്തി | 16 | പള്ളിക്കത്തോട് | 30 | വാകത്താനം |
| 3 | തലപ്പലം | 17 | മാടപ്പള്ളി | 31 | ഉഴവൂർ |
| 4 | മാഞ്ഞൂർ | 18 | പുതുപ്പള്ളി | 32 | മുത്തോലി |
| 5 | കൂരോപ്പട | 19 | എലിക്കുളം | 33 | വെള്ളൂർ |
| 6 | പനച്ചിക്കാട് | 20 | പാറത്തോട് | 34 | മുണ്ടക്കയം |
| 7 | തലയാഴം | 21 | അകലക്കുന്നം | 35 | അതിരമ്പുഴ |
| 8 | അയ്മനം | 22 | കങ്ങഴ | 36 | മീനടം |
| 9 | വിജയപുരം | 23 | കറുകച്ചാൽ | 37 | വാഴൂർ |
| 10 | വെച്ചൂർ | 24 | തീക്കോയി | 38 | തലനാട് |
| 11 | പായിപ്പാട് | 25 | പൂഞ്ഞാർ | 39 | പാമ്പാടി |
| 12 | തിടനാട് | 26 | കിടങ്ങൂർ | 40 | മുളക്കുളം |
| 13 | അയർക്കുന്നം | 27 | നെടുംകുന്നം | 41 | രാമപുരം |
| 14 | കാണക്കാരി | 28 | ഉദയനാപുരം | 42 | കരൂർ |

**അനുവദനീയമായ ഇളവുകൾ**

1. പൊതുമേഖലാ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സ്വയംഭരണസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന എല്ലാ പബ്ലിക് ഓഫീസുകൾക്കും 25% സ്റ്റാഫിനെ റൊട്ടേഷൻ വ്യവസ്ഥയിൽ ഏർപ്പെടുത്തി പ്രവർത്തിക്കാവുന്നതാണ്. ബാക്കി ജീവനക്കാർ വർക്ക് ഫ്രം ഹോം ഡ്യൂട്ടിയിലായിരിക്കുന്നതാണ്.

2. അവശ്യസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും എല്ലാ ദിവസവും രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ 50% ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

3. മറ്റ് വ്യാപാര സ്ഥാപനങ്ങൾക്ക് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ 50% ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

4. സ്വകാര്യ സ്ഥാപനങ്ങൾക്ക് തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മാത്രം 50% വരെ ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

5. ബാറുകൾ, ബിവറേജ് ഔട്ട്‌ലെറ്റുകൾ എന്നിവിടങ്ങളിൽ പാഴ്സൽ സർവ്വീസ് അനുവദനീയമാണ്. ആൾക്കൂട്ടം നിയന്ത്രിക്കുന്നതിനായി മൊബൈൽ ആപ്പ് മുഖേന സമയക്രമീകരണം നടത്തേണ്ടതാണ്.

6. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് physical contact ഇല്ലാത്ത ഔട്ട് ഡോർ സ്പോർട്സ് / ഗെയിമുകൾ അനുവദനീയമാണ്. സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള പ്രഭാത - സായാഹ്ന സവാരികളും അനുവദനീയമാണ്.

7. ഹോട്ടലുകൾക്കും റസ്റ്റോറൻറുകൾക്കും പാഴ്സൽ സർവ്വീസിനും ഓൺലൈൻ / ഹോം ഡെലിവറിക്കുമായി രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ മാത്രം പ്രവർത്തിക്കാവുന്നതാണ്.

8. വീട്ടുജോലികൾ ചെയ്യുന്നവർക്ക് യാത്ര അനുവദനീയമാണ്.

**കാറ്റഗറി സി** **(ശരാശരി ടി.പി.ആർ നിരക്ക് 20% –30% മധ്യേയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)**

**ഗ്രാമപഞ്ചായത്തുകൾ**

| | | | | | |
|---|---|---|---|---|---|
| 1 | തൃക്കൊടിത്താനം | 3 | കൂട്ടിക്കൽ | 5. | മണിമല |
| 2 | കുറിച്ചി | 4 | വാഴപ്പള്ളി | | |

**അനുവദനീയമായ ഇളവുകൾ**

1. അവശ്യസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്ക് രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ പ്രവർത്തിക്കാവുന്നതാണ്.
2. വിവാഹ ആവശ്യങ്ങൾക്കായി ടെക്സ്റ്റയിൽസ്, ജ്വല്ലറികൾ, ചെരുപ്പുകടകൾ എന്നിവ വെള്ളിയാഴ്ച രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ 50% ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.
3. കുട്ടികൾക്കാവശ്യമായ ബുക്കുകൾ വിൽക്കുന്ന കടകൾക്കും റിപ്പയർ സെൻററുകൾക്കും വെള്ളിയാഴ്ച രാവിലെ 7 മണി മുതൽ വൈകിട്ട് 7 മണി വരെ 50% ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.
4. ഹോട്ടലുകൾക്കും റസ്റ്റോറൻറുകൾക്കും പാഴ്സൽ സർവ്വീസിനും ഓൺലൈൻ / ഹോം ഡെലിവറിക്കുമായി രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കാവുന്നതാണ്.

**കാറ്റഗറി ഡി** **(ശരാശരി ടി.പി.ആർ നിരക്ക് 30% ന് മുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ)**

ഇല്ല

ടി.പി.ആർ അടിസ്ഥാനമാക്കിയുള്ള മേൽ വിവരിച്ച പ്രകാരമുള്ള കാറ്റഗറികൾ 23.06.2021 (ബുധനാഴ്ച) അവലോകനം ചെയ്യുന്നതും ടി.പി.ആർ നിരക്കിൽ വരുന്ന മാറ്റത്തിനനുസരിച്ച് കാറ്റഗറികൾ പുനർ നിർണ്ണയം ചെയ്യുന്നതുമാണ്.

മേൽ വിവരിച്ചിരിക്കുന്ന ദിവസങ്ങളും സമയക്രമങ്ങളും കൃത്യമായി പാലിക്കപ്പെടേണ്ടതും പാലിക്കാത്തവർക്കെതിരെ പകർച്ചവ്യാധി നിയന്ത്രണ നിയമം 2021, ഇൻഡ്യൻ ശിക്ഷാ നിയമം 188, 169 എന്നീ വകുപ്പുകൾ പ്രകാരവും ദുരന്തനിവാരണ നിയമം 2005 പ്രകാരവും നിയമനടപടികൾ ജില്ലാ പോലീസ് മേധാവി, ഇൻസിഡന്റ് കമാണ്ടർമാർ സ്വീകരിക്കേണ്ടതാണ്.

മേൽ വിവരിച്ചതു കൂടാതെ ജില്ല ഒട്ടാകെ അനുവദനീയമായ മറ്റ് പ്രവർത്തനങ്ങൾ അനുബന്ധമായി പ്രത്യേകം ചേർത്തിരിക്കുന്നു.

**ചെയർപേഴ്സൺ,**
**ജില്ലാ ദുരന്തനിവാരണ അതോറിറ്റി &**
**ജില്ലാ കളക്ടർ, കോട്ടയം**

പകർപ്പ്

1. ജില്ലാ പോലീസ് മേധാവി , കോട്ടയം
2. ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം
3. സബ് കളക്ടർ, കോട്ടയം
4. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ ,
5. പ്രോജക്ട് ഡയറക്ടർ, പി.എ.യു, കോട്ടയം
6. എല്ലാ ഇൻസിഡന്റ് കമാൻഡർ (തഹസിൽദാർ) മാർക്കും
7. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
8. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് , കോട്ടയം
9. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
10. എല്ലാ സെക്ടറൽ മജിസ്ട്രേറ്റുമാർക്കും.
11. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം
12. വ്യാപാരി വ്യവസായി സമിതികൾക്ക്

## അനുബന്ധം – ജില്ല ഒട്ടാകെ അനുവദനീയമായ മറ്റ് പ്രവർത്തനങ്ങൾ

1. വ്യവസായിക, കാർഷിക നിർമ്മാണ പ്രവർത്തനങ്ങൾ, ക്വാറി ഉൾപ്പെടെ പ്രവർത്തിക്കാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ തൊഴിലാളികൾ, മറ്റ് ജീവനക്കാർ എന്നിവർക്ക് യാത്ര അനുവദനീയമാണ്.
2. അസംസ്കൃത സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾ (പാക്കേജിംഗ് മെറ്റീരിയൽ ഉൾപ്പെടെ) രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കാവുന്നതാണ്.
3. അവശ്യസാധനങ്ങൾ വിൽക്കുന്ന താഴെ ചേർത്തിരിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കാവുന്നതാണ്.
    1. ഭക്ഷണ സാധനങ്ങൾ വിൽക്കുന്ന കടകൾ
    2. റേഷൻ കടകൾ
    3. പലചരക്ക് കടകൾ
    4. പാലും പാൽ ഉല്പന്നങ്ങളും വിൽക്കുന്ന കടകൾ
    5. പഴം, പച്ചക്കറി കടകൾ
    6. മത്സ്യ മാംസ വിപണനം
    7. കാലിത്തീറ്റ, കോഴിത്തീറ്റ കടകൾ
    8. ബേക്കറികൾ

4. അവശ്യജീവനക്കാരെ ഉപയോഗിച്ച്പ്രവർത്തനാനുമതി ഉള്ള കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾ
    1. പ്രതിരോധം
    2. ആരോഗ്യം
    3. കേന്ദ്ര സേന
    4. ട്രഷറി
    5. പെട്രോളിയം / എൽ.പി.ജി സേവനങ്ങൾ
    6. വൈദ്യുതി ഉല്പാദനം, വിതരണം
    7. പോസ്റ്റൽ വകുപ്പും പോസ്റ്റ് ഓഫീസുകളും
    8. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ
    9. കാലാവസ്ഥ പ്രവചനവുമായി ബന്ധപ്പെട്ട ഏജൻസികൾ
    10. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ
    11. ഇന്ത്യൻ മെറ്റിരിയോളജിക്കൽ ഡിപ്പാർട്ട്മെൻറ്
    12. സെൻട്രൽ വാട്ടർ കമ്മീഷൻ
    13. എയർപോർട്ട് / സീ പോർട്ട് / റെയിൽവെ
    14. തൊഴിൽ വകുപ്പ്
    15. റീജിയണൽ പാസ്പോർട്ട് ഓഫീസ്
    16. ഇ.എസ്.ഐ.
    17. റവന്യൂ
    18. തദ്ദേശ സ്വയംഭരണം
    19. ഫുഡ് & സിവിൽ സപ്ലൈസ്
    20. വ്യവസായം
    21. കേരള ഐ.റ്റി. മിഷൻ
    22. ജലസേചനം
    23. മൃഗസംരക്ഷണം
    24. സാമൂഹ്യനീതി വകുപ്പ്
    25. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്
    26. പോലീസ്
    27. എക്സൈസ്
    28. ഹോം ഗാർഡ്സ്
    29. സിവിൽ ഡിഫൻസ്
    30. ഫയർ & റെസ്ക്യൂ
    31. ഡിസാസ്റ്റർ മാനേജ്മെൻറ്
    32. വനം, വന്യജീവി
    33. ജയിൽ വകുപ്പ്
    34. സാനിറ്റേഷൻ
    35. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
    36. ട്രാൻസ്പോർട്ട് വകുപ്പ്

37. വനിതാ ശിശു വികസനം
38. ക്ഷീരവികസനം
39. നോർക്ക
40. രജിസ്ട്രേഷൻ
41. ലോട്ടറി വകുപ്പ്
42. അക്കൗണ്ടൻറ് ജനറൽ ഓഫീസ്

5. മെഡിക്കൽ സ്റ്റോറുകൾ, ഡിസ്പെൻസറികൾ, മെഡിക്കൽ സാമഗ്രികൾ വിൽക്കുന്ന കടകൾ, മെഡിക്കൽ ലാബോറട്ടറികൾ, ആശുപത്രികളുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ
6. പെട്രോൾ പമ്പുകൾ, എൽ.പി.ജി. സേവനങ്ങൾ
7. കോൾഡ് സ്റ്റോറേജുകൾ, വെയർ ഹൗസുകൾ
8. പ്രൈവറ്റ് സെക്യൂരിറ്റി സർവ്വീസ്
9. കേബിൾ, ഡി.റ്റി.എച്ച്. സർവ്വീസ്
10. ടെലികമ്മ്യൂണിക്കേഷൻ, ഇൻറർനെറ്റ്, കേബിൾ സർവ്വീസ്
11. ഐ.ടി. അനുബന്ധ സ്ഥാപനങ്ങൾ
12. പ്രിൻറ്/ഇലക്ട്രോണിക്/സോഷ്യൽ മീഡിയ
13. കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റികൾ
14. ഇ-കോമേഴ്സ്, അവയുടെ വാഹനങ്ങൾ
15. വാഹന വർക്ക്ഷോപ്പുകളും അനുബന്ധ സേവനങ്ങളും
16. മത്സ്യബന്ധനം
17. പാലിയേറ്റീവ് കെയർ സേവനങ്ങൾ
18. മാലിന്യ സംസ്കരണം
19. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് മാസ്ക്, സാനിറ്റൈസർ, പി.പി.ഇ. കിറ്റ്, എന്നിവയുടെ ഉല്പാദനവും വിതരണവും.
20. കള്ള് ഷാപ്പുകൾ (പാഴ്സൽ സർവ്വീസുകൾ മാത്രം)
21. പ്രകൃതിദത്ത റബ്ബറിൻറെ വില്പനയും ഗതാഗതവും
22. ടാക്സികളും ഓട്ടോറിക്ഷകളും (എയർപോർട്ട്, റെയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിലേയ്ക്കും തിരിച്ചും, വാക്സിനേഷൻ, ആശുപത്രി ആവശ്യങ്ങൾക്ക്, അവശ്യ സാധനങ്ങൾ വാങ്ങുന്നതിന് മാത്രം). ടാക്സികളിൽ ഡ്രൈവറും 3 യാത്രക്കാരും ഓട്ടോറിക്ഷകളിൽ ഡ്രൈവറും 2 യാത്രക്കാരും അനുവദനീയമാണ്. കുടുംബാംഗങ്ങളാണെങ്കിൽ നിയന്ത്രണം ബാധകമല്ല.
23. ഇലക്ട്രിക്കൽ, പ്ലംബിംഗ്, ലിഫ്റ്റ്, എ.സി മെക്കാനിക്കുകൾക്ക് വീടുകളിൽ ചെന്ന് സർവ്വീസ് നടത്താവുന്നതാണ്.
24. മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ
25. കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുള്ള യാത്രാ സൗകര്യം
26. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടുള്ള തൊഴിലുറപ്പ് ജോലികൾ
27. അഡ്വക്കേറ്റുമാരുടെ ഓഫീസും അവരുടെ ജീവനക്കാർക്കും കോടതിയിൽ physical sitting ഉള്ള ദിവസങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. (കാറ്റഗറി ഡി ഒഴിച്ച്)
28. ആർ.ഡി കളക്ഷൻ ഏജൻസ്
29. വെട്ടുകല്ല് നിർമ്മാണം, ട്രാൻസ്പോർട്ടേഷൻ
30. പൊതുഗതാഗതം (കെ.എസ്.ആർ.ടി.സി, സ്വകാര്യ വാഹനങ്ങൾ ഉൾപ്പെടെ) കോവിഡ് പ്രോട്ടോക്കോൾ നിയന്ത്രണങ്ങൾ പാലിച്ചു കൊണ്ട് ആവശ്യാനുസരണം നടത്താവുന്നതാണ്. എന്നാൽ സി കാറ്റഗറിയിൽപ്പെട്ട സ്ഥലങ്ങളിൽ സ്റ്റോപ്പുകൾ അനുവദനീയമല്ല.
31. ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിക്കാവുന്നതാണ്. ജൂൺ 17, 19, 22 തീയതികളിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെൻറ് ആക്ട് പ്രകാരം ബാങ്കുകൾക്ക് പൊതു അവധിയായിരിക്കുന്നതാണ്.
32. പൊതുപരിപാടികളിൽ ആൾക്കൂട്ടങ്ങൾ യാതൊരു കാരണവശാലും അനുവദനീയമല്ല. വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവ പരമാവധി 20 പേരെ ഉൾപ്പെടുത്തി നടത്താവുന്നതാണ്.
33. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടത്തുന്ന പൊതുപരീക്ഷകൾ, സ്പോർട്ട്സ് സെലക്ഷൻ ട്രയൽസ് അടക്കം അനുവദനീയമാണ്.
34. ടൂറിസം, മറ്റ് വിനോദ പരിപാടികൾ, ഇൻഡോർ പ്രോഗ്രാമുകൾ എന്നിവ അനുവദനീയമല്ല.

ശനി, ഞായർ ദിവസങ്ങളിൽ ജില്ല ഒട്ടാകെ സമ്പൂർണ്ണ ലോക്ക് ഡൗൺ ആയിരിക്കുന്നതും അന്നേ ദിവസം ചുവടെ ചേർക്കുന്ന പ്രവർത്തികൾ മാത്രം അനുവദനീയവുമാണ്.

1. അടിയന്തര അവശ്യ സർവ്വീസിൽപ്പെട്ട കേന്ദ്ര-സംസ്ഥാന-സ്വയംഭരണ സ്ഥാപനങ്ങൾ, കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ ഓഫീസുകൾക്കും അവിടങ്ങളിലെ ഉദ്യോഗസ്ഥർക്കും യാത്ര ചെയ്യാവുന്നതാണ്.
2. അടിയന്തര അവശ്യ സർവ്വീസുകളിൽപ്പെട്ടതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ എല്ലാ വ്യവസായ സ്ഥാപനങ്ങളും കമ്പനികളും മറ്റ് സ്ഥാപനങ്ങളും. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.
3. അവശ്യസാധനങ്ങൾ (പലചരക്ക്), ' പഴം പച്ചക്കറി കടകൾ, പാൽ ഉല്പാദന വിതരണ കേന്ദ്രങ്ങൾ, കള്ള് ഷാപ്പുകൾ, മത്സ്യ മാംസ വിതരണ കേന്ദ്രങ്ങൾ എന്നിവ രാവിലെ 7 മുതൽ വൈകിട്ട് 7 മണി വരെ പ്രവർത്തിക്കാവുന്നതാണ്. ടി വ്യാപര സ്ഥാപനങ്ങൾ കഴിവതും ഹോം ഡെലിവറി പ്രോത്സാഹിപ്പിക്കേണ്ടതാണ്. മറ്റ് വ്യാപാരസ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.
4. ഹോട്ടലുകൾ ഹോം ഡെലിവറിയ്ക്കായി മാത്രം രാവിലെ 7 മുതൽ വൈകിട്ട് 7 വരെ പ്രവർത്തിക്കാവുന്നതാണ്.
5. ദീർഘദൂര ബസ് സർവ്വീസുകൾ, പൊതുഗതാഗതം, ചരക്ക വാഹനങ്ങൾ, എയർപോർട്ട്, റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് 'എന്നിവിടേയ്ക്കുള്ള സ്വകാര്യ-പൊതു യാത്രാ വാഹനങ്ങൾ എന്നിവ മതിയായ യാത്രാ രേഖകളോടെ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി അനുവദനീയമാണ്.
6. രോഗികൾ അവരുടെ സഹായികൾ, വാക്സിനേഷന് പോകുന്നവർ എന്നിവർക്ക് തിരിച്ചറിയിൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്.
7. കോവിഡ് ജാഗ്രതാ പോർട്ടലിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത വിവാഹം, ഗൃഹപ്രവേശം എന്നിവ കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തി അനുവദനീയമാണ്.
8. ലോക്ക്ഡൗൺ കാലയളവിൽ അനുവദനീയമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമാ സൈറ്റ് എൻജിനിയേഴ്സ് / സൂപ്പർവൈസർമാർ എന്നിവർക്ക് അവരുടെ സ്ഥാപനം നൽകുന്ന തിരിച്ചറിയിൽ കാർഡോ അതാത് സ്ഥാപനങ്ങൾ നൽകിയ അനുമതി പത്രമോ ഉപയോഗിച്ച് ജോലി സ്ഥലത്തേയ്ക്കും വീട്ടിലേയ്ക്കും യാത്ര ചെയ്യാവുന്നതാണ്. ഈ ദിവസങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എസ്.എച്ച്.ഒ. യുടെ അനുമതി വാങ്ങേണ്ടതാണ്.